# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 24 09.06.2014 ൽ മറുപടിക്ക്

**ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ.ജയരാജ് :<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ:<br>,, റോഷി അഗസ്റ്റിൻ:<br>,, പി.സി.ജോർജ്: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം നവീകരിക്കാൻ പദ്ധതിയുണ്ടോ; | (എ) | ഉണ്ട് |
| (ബി) | നവീകരണവുമായി ബന്ധപ്പെട്ട് നിലവിൽ തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശങ്ങൾ നല്കാമോ; | (ബി) | i) കുട്ടനാടൻ പ്രകൃതി സൗന്ദര്യം ആസ്വദിച്ച് ടൂറിസ്റ്റുകൾക്കും, തദ്ദേശിയരായ യാത്രക്കാർക്കും ഒരു പോലെ സഞ്ചരിക്കാവുന്ന രീതിയിൽ, അപ്പർഡെക്ക് സംവിധാനമുള്ള 90 പി.സി.യുടെ രണ്ട് സ്റ്റീൽ ബോട്ടുകൾ 'സീ കുട്ടനാട്' എന്ന പേരിൽ വിജയകരമായി സർവ്വീസ് നടത്തി വരുന്നു.<br>ii) ഇരു ചക്ര വാഹനങ്ങൾ ഉൾപ്പെടെ കയറ്റാവുന്ന രീതിയിൽ രൂപ കല്പന ചെയ്ത മൂന്ന് പാസ്സഞ്ചർ- കം- വെഹിക്കിൾ കാരിയർ ബോട്ടുകൾ 2012-13 സാമ്പത്തിക വർഷം പണികഴിപ്പിച്ചു. കൂടാതെ ഇതേ രീതിയിലുള്ള മൂന്ന് ബോട്ടുകൾ കൂടി വാങ്ങുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>iii) വകുപ്പിന്റെ ഡീസൽ ഉപഭോഗം കുറയ്ക്കുകയും അതോടൊപ്പം ജല മലിനികരണം കുറച്ച് പ്രകൃതി സൗഹൃദ ബോട്ടു യാത്ര ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടു കൂടി സോളാർ എനർജി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു സോളാർ ബോട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>iv) വകുപ്പിന്റെ കൂറ്റൻ സ്റ്റീൽ ബോട്ടുകൾ ഉൾപ്പെടെയുള്ള ജലയാനങ്ങൾ ഡ്രൈഡോക്ക് ചെയ്ത് അറ്റകുറ്റപണി നടത്തുന്നതിന് ആലപ്പുഴയിൽ 682 ലക്ഷം രൂപ മുതൽ മുടക്കി ഒരു ഡ്രൈഡോക്ക് സംവിധാനം സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ മെ- സിൽക്ക്, കണ്ണൂർ മുഖാന്തിരം പൂർത്തിയായി വരുന്നു. ടി പദ്ധതി പൂർത്തിയാകുന്നതോടു കൂടി കേരളത്തിൽ |

| | | | |
|---|---|---|---|
| | | | തന്നെ ആദ്യ സംരംഭമെന്ന രീതിയിൽ സ്വകാര്യ ജലയാനങ്ങൾക്കും നിശ്ചിത ഫീസ് ഈടാക്കി ഡ്രൈഡോക്ക് ചെയ്യാവുന്നതും അതു വഴി വകുപ്പിന് പുതിയ വരുമാന മാർഗ്ഗം ഉണ്ടാകുന്നതുമാണ്. ഇതേ രീതിയിൽ പയ്യന്നൂർ മേഖലയിലെ അയിറ്റിയിലും ഒരു 'സ്ലിപ് വേ' നിർമ്മാണം പൂർത്തിയായി വരുന്നു.<br>V) വകുപ്പിൽ ഒരു നൂതന സംരംഭമെന്ന നിലയിൽ ഒരു ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിലേയ്ക്കായി സി-ഡിറ്റ് മുഖാന്തിരം ഒരു സോഫ്റ്റ് വെയർ നിർമ്മിച്ചു കഴിഞ്ഞു. ടി സംവിധാനം പൂർണ്ണതോതിൽ ഉടൻ നടപ്പിലാവുന്നതാണ്.<br>vi) വകുപ്പിന്റെ കാര്യ നിർവ്വഹണ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലെ 14 സ്റ്റേഷൻ ഓഫീസുകളേയും കമ്പ്യൂട്ടർവത്കരിക്കുകയും ടിക്കറ്റ് വെൻഡിംഗ് മെഷിനുകൾ സ്ഥാപിച്ച് ടിക്കറ്റ് വിതരണം കാര്യക്ഷമവും വേഗത്തിലാക്കുകയും ചെയ്തിട്ടുണ്ട്.<br>vii) 2010 ലെ ഇൻലാന്റ് വെസ്സൽസ് റൂൾസ് അനുശാസിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ എല്ലാ ബോട്ടുകളിലും ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ആവശ്യമായ ലൈഫ് ജാക്കറ്റുകൾ, ബോയന്റ് അപ്പാരട്ടസ് എന്നിവ വാങ്ങി ബോട്ടുകളിൽ സൂക്ഷിച്ചിട്ടുണ്ട്. സുരക്ഷാ ഉപകരണമായ ലൈഫ് ജാക്കറ്റ് 100 % ആക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>viii) കൂടാതെ ബോട്ടു യാത്രക്കാർ, ക്രൂ ജീവനക്കാർ, തേർഡ് പാർട്ടി എന്നിവരെ ഉൾപ്പെടുത്തി കേരള ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെഷടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ തുക എപ്രകാരം സമാഹരിയ്ക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നല്കാമോ? | (സി) | മേൽ പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ തുക കണ്ടെത്തുന്നത് സംസ്ഥാന സർക്കാർ ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്നാണ്. |

സെക്ഷൻ ഓഫീസർ